## പാഠം - 4 ഏപ്രിൽ 15-21

# സാമൂഹ്യബന്ധങ്ങൾ

**ശബ്ബത്ത് സായാഹ്നം ഏപ്രിൽ 15**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊസ് 2:13-23; 1 പത്രൊസ് 3:1-7; 1 കൊരി 7:12-16; ഗലാത്യർ 3:27,28; അ.പ്ര. 5:27-32; ലേവ്യ 19:18.**

**മനഃപാഠവാക്യം: "സകലത്തിനും മുമ്പെ തമ്മിൽ ഉറ്റസ്നേഹം ഉള്ളവരായിരിപ്പിൻ, സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു."** (1 പത്രൊസ് 4:8)

പത്രൊസിന്റെ എഴുത്ത് അവന്റെ കാലഘട്ടത്തിലെ ചില വിഷമകരമായ സാമൂഹ്യ ചോദ്യങ്ങൾക്കു നേർക്കുനേർ ഉത്തരം കണ്ടെത്തുന്നു. ഉദാഹരണത്തിന്, അന്ന് അവരിൽ മിക്കവർക്കും അനുഭവപ്പെട്ടതുപോലെ ക്രിസ്ത്യാനികൾ എങ്ങനെയാണ് അഴിമതി നിറഞ്ഞതും അടിച്ചമർത്തുന്നതുമായ ഒരു സർക്കാരിനോട് ഒത്തുചേർന്നു ജീവിക്കുക: വിഗ്രഹാരാധികളായ റോമാസാമ്രാജ്യം? എന്താണ് പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്, ഇന്ന് ആ വാക്കുകൾ നമുക്ക് എന്ത് അർത്ഥമാവുന്നു?

അവരുടെ യജമാനന്മാർ കർക്കശമായും അന്യായമായും ക്രിസ്തീയ അടിമകളോട് പെരുമാറുമ്പോൾ അവരോട് എങ്ങനെ പ്രതികരിക്കണം? ആദ്യ നൂറ്റാണ്ടിലെ അടിമ-ഉടമ ബന്ധത്തിൽനിന്ന് ഏറെ വ്യത്യസ്തമാണ് ആധുനിക ഉടമ-തൊഴിലാളി ബന്ധമെങ്കിലും പത്രൊസ് പറയുന്നത് അന്യായമായി മേലധികാരികളോട് ഇടപെടുന്നവരുടെ ശബ്ദം പ്രതിധ്വനിക്കുന്നു. ഇതേ അവസ്ഥ നേരിടുമ്പോൾ ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കണമെന്ന് യേശുവിനെ ചൂണ്ടിക്കാട്ടി അവൻ പ്രതികരിച്ചതുപോലെ പ്രതികരിക്കുവാൻ പത്രൊസ് പറയുന്നത് എത്ര രസകരമാണ് (1 പത്രൊസ് 2:21-24).

ഭാര്യാഭർത്താക്കന്മാർ അന്യോന്യം എങ്ങനെ ഇടപഴകണം പ്രത്യേകിച്ച് മതവിശ്വാസംപോലെ അടിസ്ഥാനമായൊരു കാര്യത്തിൽ അവർക്ക് അഭിപ്രായവ്യത്യാസം ഉള്ളപ്പോൾ? ഒടുവിലായി, സാമൂഹ്യഘടനയുമായി ക്രിസ് ത്യാനികൾ എങ്ങനെ ബന്ധപ്പെടണം, പ്രത്യേകിച്ച് സാമൂഹ്യവും രാഷ്ട്രീയവുമായ ശ്രമം അഴിമതി നിറഞ്ഞതും ക്രിസ്തീയവിശ്വാസത്തിനു എതിരും ആയിരിക്കുമ്പോൾ?

**ഞായർ ഏപ്രിൽ 16**

**സഭയും രാഷ്ട്രവും**

വളരെ മുമ്പ് എഴുതപ്പെട്ടതാണെങ്കിലും ഇന്നു വളരെ പ്രസക്തമായ പല വിഷയങ്ങളെയും ബൈബിൾ സ്പർശിക്കുന്നു, ക്രിസ്ത്യാനികളും സർക്കാരും തമ്മിലുള്ള ബന്ധംപോലെ. ചില സന്ദർഭങ്ങളിൽ അതു വളരെ വ്യക്തമാണ്. രാഷ്ട്രീയ ശക്തികളെ അനുസരിക്കുക എന്നാൽ ദൈവത്തെ അനുസരിക്കാതിരിക്കുകയാണ് എന്നുള്ള ഒരു സമയത്തെക്കുറിച്ച് വെളിപ്പാട് 13 സംസാരിക്കുന്നു. അങ്ങനെയൊരു സന്ദർഭത്തിൽ, നമ്മുടെ തിരഞ്ഞെടുപ്പ് വ്യക്തമാണ്. (വ്യാഴാഴ്ചയിലെ പാഠം കാണുക)

**1 പത്രൊസ് 2:13–17 വായിക്കുക. സർക്കാരുമായി നാം എങ്ങനെ ബന്ധപ്പെട്ടിരിക്കണം എന്നതിനെക്കുറിച്ച് വചനം പൊതുവായി നമ്മോട് എന്താണ് പറയുന്നത്?**

അതിന്റെ അതിർത്തിക്കുള്ളിൽ ജീവിച്ചിരിക്കുന്നവർക്ക് റോമാസാമ്രാജ്യത്തിന്റെ തിന്മകൾ നന്നായി അറിയാമായിരുന്നു. അത് വളർന്നത് ചഞ്ചലപ്രകൃതമുള്ള അതിമോഹികളായ മനുഷ്യർ നിർദയമായ സൈനീകശക്തി ഉപയോഗിച്ചതുകൊണ്ടാണ്. ക്രമമായ പീഢനവും ക്രൂശ് മരണവും അവർ ശിഷ്യന്മാരുടെ മേൽ നടപ്പാക്കിയ രണ്ട് ബീഭത്സങ്ങളാണ്. റോമാ സർക്കാർ അഴിമതിയിലും സ്വജനപക്ഷപാദത്തിലും മുങ്ങിക്കുളിച്ചിരുന്നു. ഭരണത്തിലുണ്ടായിരുന്ന പ്രമാണി വർഗം കടുത്ത അഹങ്കാരത്തിലും ബീഭത്സതയിലും അവരുടെ അധികാരം വിനിയോഗിച്ചു. ഇത് എല്ലാമായിരുന്നിട്ടും, സാമ്രാജ്യത്തിലുള്ള സകല മാനുഷിക അധികാരങ്ങളെയും, ചക്രവർത്തി മുതൽ നാടുവാഴിവരെ അനുസരിക്കുവാൻ പത്രൊസ് തന്റെ വായനക്കാരെ ആഹ്വാനം ചെയ്യുന്നു (1 പത്രൊസ് 2:13–14).

ചക്രവർത്തിമാരും നാടുവാഴികളും ശരിചെയ്യുന്നവരെ പുകഴ്ത്തുകയും തെറ്റ് ചെയ്യുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നുവെന്ന് പത്രൊസ് വാദിക്കുന്നു (1 പത്രൊസ് 2:14). ഇങ്ങനെ ചെയ്യുന്നതിലൂടെ സമൂഹത്തെ രൂപപ്പെടുത്താൻ അവർക്ക് വലിയൊരു പങ്ക് വഹിക്കാനുണ്ട്. വാസ്തവത്തിൽ, അതിന്റെ എല്ലാ തെറ്റുകൾക്കും റോമാ സാമ്രാജ്യം സ്ഥിരത നൽകി. അത് യുദ്ധത്തിൽനിന്ന് സ്വാതന്ത്ര്യം കൊണ്ടുവന്നു. അത് നൽകിയത് കർക്കശമായ നീതിയായിരുന്നു. എന്നാലും നിയമവാഴ്ചയിൽ അടിസ്ഥാനപ്പെടുത്തിയ ഒന്നായിരുന്നു. അത് നിരത്തുകൾ നിർമ്മിക്കുകയും അതിന്റെ സൈനിക ആവശ്യങ്ങളെ സഹായിക്കുന്നതിന് ഒരു സമ്പദ് വ്യവസ്ഥ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ചെയ്തതിലൂടെ. ജനങ്ങൾക്ക് വളരുവാനും അനേക സന്ദർഭങ്ങളിൽ സമ്പന്നരാകാനുമുള്ള ഒരു അന്തരീക്ഷം റോം സൃഷ്ടിച്ചു. ഈ വെളിച്ചത്തിൽ ഇതിനെ കാണുമ്പോൾ, സർക്കാരിനെക്കുറിച്ചുള്ള പത്രോസിന്റെ പരാമർങ്ങൾ വളരെ യുക്തമാണ്. ഒരു സർക്കാരും പൂർണ്ണമല്ല, നിശ്ചയമായും പത്രൊസും അവൻ എഴുത്ത് എഴുതിയ സഭാംഗങ്ങളും ഏത് സർക്കാരിന്റെ കീഴിലായിരുന്നോ അത് തീർത്തും പൂർണ്ണമായിരുന്നില്ല. അതിനാൽ, നമുക്ക് അവനിൽനിന്നു പഠിക്കാനുള്ളത് എന്താണെന്നുവച്ചാൽ ക്രിസ്ത്യാനികൾ നല്ല പൗരന്മരായിരിക്കാൻ യത്നിക്കണം, അവർക്ക് കഴിയാവുന്നിടത്തോളം നാടിന്റെ നിയമങ്ങൾ അനുസരിച്ചു കൊണ്ട്, അവർ ഏത് സർക്കാരിൻ കീഴിലാണോ അത് അത്ര പൂർണ്ണമല്ലെങ്കിലും.

**കഴിയാവുന്നിടത്തോളം നല്ല പൗരന്മാരായിരിക്കേണ്ടത് ക്രിസ്ത്യാനികൾക്ക് എന്തുകൊണ്ടും പ്രധാനമാണ്, അത്ര സുഖകരമല്ലാത്ത രാഷ്ട്രീയാന്തരീക്ഷത്തിലും? ചെറിയ രീതിയിലെങ്കിലും നിങ്ങളുടെ സമൂഹത്തെ മെച്ചപ്പെടുത്തുവാൻ നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?**

## അടിമകളും ഉടമകളും

**1 പത്രൊാസ് 2:18–23 വായിക്കുക. ഈ വാക്യങ്ങളുടെ ബുദ്ധിമുട്ടുള്ള ഉള്ളടക്കം ഇന്ന് നാം എങ്ങനെയാണ് മനസിലാക്കുക? അവയിൽനിന്ന് നമുക്കായി എന്ത് സത്യങ്ങൾ നമുക്ക് എടുക്കാം?**

1 പത്രൊാസ് 2:18–23 ന്റെ ശ്രദ്ധയോടുകൂടിയ ഒരു വായന വെളിവാക്കുന്നത് അടിമത്തത്തിന് ഒരംഗീകാരം നൽകുക എന്നതിനെക്കാൾ, ആ വാക്യങ്ങൾ നൽകുന്നത്, അന്ന് മാറ്റുവാൻ പ്രയാസമായിരുന്ന ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെക്കുറിച്ച് എങ്ങനെ ചിന്തിക്കണം എന്നുള്ള ആത്മീയ ഉപദേശമായിരുന്നു. 'ദാസൻ' എന്നോ 'അടിമ' എന്നോ 1 പത്രൊാസ് 2:18 ൽ തർജമ ചെയ്തിരിക്കുന്ന Oiketes (ഒയ്കെറ്റ്സ്) എന്ന വാക്ക് പ്രത്യേകമായി വീടുകളിലെ അടിമകൾക്കുവേണ്ടിയാണ്. അടിമകൾക്ക് സാധാരണയായി ഉപയോഗിക്കുന്ന പദം Doulos (ഡൗലോസ്) എഫെസ്യർ 6:5 ൽ ഉപയോഗിച്ചിരിക്കുന്നു. അടിമകൾക്ക് സമാനമായ ഉപദേശം നൽകുന്ന ഒരു പാഠഭാഗം. തികച്ചും പല തട്ടുകളായുള്ള റോമാസാമ്രാജ്യത്തിൽ, അവരുടെ ഉടമകളുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു നിയമാനുസൃത സമ്പത്തായാണ് അടിമകൾ കണക്കാക്കപ്പെട്ടിരുന്നത്, അവർക്ക് അവരെ നല്ലതായോ ക്രൂരമായോ കൈകാര്യം ചെയ്യാമായിരുന്നു. അനേകം ശ്രോതസ്സുകളിൽ നിന്നാണ് അടിമകൾ വന്നത്: പരാജയപ്പെട്ട സൈന്യങ്ങൾ, അടിമകളുടെ മക്കൾ, അല്ലെങ്കിൽ അവരുടെ 'കടം' വീട്ടാനായി വിൽക്കപ്പെട്ടവർ. ചില അടിമകൾക്ക് വലിയ ഉത്തരവാദിത്തങ്ങൾ നൽകപ്പെട്ടിരുന്നു. ചിലർ അവരുടെ യജമാനന്മാരുടെ വലിയ കൃഷിത്തോട്ടങ്ങൾ നോക്കി നടത്തി. മറ്റുള്ളവർ അവരുടെ യജമാനന്മാരുടെ വസ്തുവകകളും കച്ചവട താല്പര്യങ്ങളും നോക്കി നടത്തി. ചിലരാകട്ടെ അവരുടെ യജമാനന്മാരുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകി.

ഒരു അടിമയുടെ സ്വാതന്ത്ര്യം വാങ്ങാൻ കഴിയുമായിരുന്നു, അങ്ങനെയാവുമ്പോൾ അവരെ "വീണ്ടെടുക്കപ്പെട്ടവർ" എന്നു വർണ്ണിച്ചു. യേശു നമുക്കുവേണ്ടി ചെയ്തതിനെ വർണ്ണിക്കുവാൻ പൗലൊസ് ഈ ഭാഷ ഉപയോഗിക്കുന്നു (എഫെസ്യർ 1:7, റോമർ 3:24, കൊലൊസ്യർ 1:14).

ആദിമക്രിസ്ത്യാനികളിൽ ഒരു നല്ല സംഖ്യ അടിമകളായിരുന്നുവെന്ന് ഓർക്കുന്നത് പ്രധാനമാണ്. അവർക്ക് മാറ്റുവാൻ കഴിയാത്ത ഒരു വ്യവസ്ഥിതിയിൽ അവർ പിടിക്കപ്പെട്ടു പോയിരുന്നു. കർക്കശരും ന്യായരഹിതരുമായ ഉടമകളുണ്ടായിരുന്ന നിർഭാഗ്യവാന്മാർ ശരിക്കും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിലായിരുന്നു; മെച്ചപ്പെട്ട ഉടമകളുണ്ടായിരുന്നവർക്കുപോലും പ്രയാസകരമായ സാഹചര്യങ്ങൾ ഉണ്ടാകാമായിരുന്നു. അടിമകളായിരുന്ന സകല ക്രിസ്ത്യാനികൾക്കുമുള്ള പത്രൊാസിന്റെ നിർദേശങ്ങൾ പുതിയനിയമത്തിലെ മറ്റ് പ്രസ്താവനകളുമായി ചേർച്ചയുള്ളതായിരുന്നു. ക്രിസ്തു കീഴ്പ്പെടുകയും സഹിക്കുകയും ചെയ്തതുപോലെ അവർ കീഴ്പ്പെടുകയും സഹിക്കുകയും വേണം (പത്രൊാസ് 2:18–20). തെറ്റ് ചെയ്തിട്ട് ശിക്ഷ അനുഭവിക്കുന്നവർക്ക് അംഗീകാരമൊന്നുമില്ല. ഇല്ല, അന്യായമായി അവർ കഷ്ടം

സഹിക്കുമ്പോഴാണ് ക്രിസ്തുവിന്റെ യഥാർത്ഥ ആത്മാവ് വെളിവാകുന്നത്. യേശുവിനെപ്പോലെ, അത്തരം സന്ദർഭങ്ങളിൽ ക്രിസ്ത്യാനികൾ തിരിച്ച് അധിക്ഷേപിക്കുകയോ, ഭീഷണിപ്പെടുത്തുകയോ ചെയ്യരുത്, മറിച്ച് നീതിയോടെ വിധിക്കുന്ന ദൈവത്തിലേക്ക് അവരെത്തന്നെ ഏല്പിച്ചുകൊടുക്കുക (1 പത്രൊസ് 2:23).

**പത്രൊസ് ഇവിടെ എഴുതിയതിൽനിന്ന് എന്ത് പ്രായോഗിക ഉപയോഗമാണ് നമുക്ക് ചെയ്യുവാൻ കഴിയുക? അങ്ങനെയെങ്കിൽ, അതിനർത്ഥം, നാം ഒരിക്കലും നമ്മുടെ അവകാശങ്ങൾക്കുവേണ്ടി എഴുന്നേൽക്കരുതെന്നാണോ? നിങ്ങളുടെ ഉത്തരം ശബ്ബത്തിന് ക്ലാസിൽ കൊണ്ടുവരിക.**

**ചൊവ്വ** **ഏപ്രിൽ 18**

## ഭാര്യമാരും ഭർത്താക്കന്മാരും

**1 പത്രൊസ് 3:1-7 വായിക്കുക: ഈ പാഠഭാഗത്ത് എന്ത് പ്രത്യേക സാഹചര്യമാണ് പത്രൊസ് സംബോധന ചെയ്യുന്നത്? ഇന്നത്തെ സമൂഹത്തിലെ വിവാഹത്തിന് ഇവിടെ പറയപ്പെട്ടിരിക്കുന്നത് എങ്ങനെയാണ് പ്രസക്തം?**

1 പത്രൊസ് 3:1-7 ൽ പത്രൊസ് കൈകാര്യം ചെയ്യുന്ന കാര്യം മനസിലാക്കാൻ ശ്രദ്ധയോടെയുള്ള വചനക്കാരനെ സഹായിക്കുന്ന ഒരു പ്രധാന സൂചന ഈ വാക്യത്തിലുണ്ട്. 1 പത്രൊസ് 3:1 ൽ, പത്രൊസ് പറയുന്നത്: "വചനം അനുസരിക്കാത്ത" ഭർത്താക്കന്മാരെക്കുറിച്ചാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പത്രൊസ് സംസാരിക്കുന്നത് ക്രിസ്ത്യാനിയല്ലാത്ത ഒരു ഭർത്താവ് ക്രിസ്ത്യാനിയായ ഒരു ഭാര്യയെ വിവാഹം കഴിച്ചാൽ എന്തു സംഭവിക്കണമെന്നാണ് (വിശ്വസിക്കാത്തവരുടെ എണ്ണം ചുരുക്കമാണെങ്കിൽ തന്നെയും). അവളുടെ വിശ്വാസം പങ്കുവയ്ക്കാത്ത ഒരു പുരുഷനെ വിവാഹം കഴിക്കുന്ന ക്രിസ്തീയ സ്ത്രീയ്ക്ക് അനേകം ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ എന്തു സംഭവിക്കണം? അവൾ അവളുടെ ഭർത്താവിൽനിന്ന് വേർപ്പെടണോ? പൗലൊസ് മറ്റെവിടെയോ പറയുന്നതുപോലെ തന്നെ ക്രിസ്തീയ ഭാര്യമാർ അവരുടെ അവിശ്വാസികളായ ഭർത്താക്കന്മാരെ ഉപേക്ഷിക്കണം എന്നു പറയുന്നില്ല (1 കൊരിന്ത്യർ 7:12-16 കാണുക). പകരം, പത്രൊസ് പറയുന്നത്, അവിശ്വാസിയായ ഭർത്താവുള്ള ഭാര്യമാർ മാതൃകാപരമായ ജീവിതം നയിക്കണമെന്നാണ്.

ആദ്യനൂറ്റാണ്ടിലെ റോമാ സാമ്രാജ്യത്തിൽ സ്ത്രീകൾക്കു ലഭ്യമായിരുന്ന ഭാഗങ്ങൾ അധികവും വ്യക്തിപരമായുള്ള സമൂഹങ്ങളാൽ നിർണയിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന് റോമാ ഭാര്യമാർക്ക് നിയമത്തിൻ കീഴിൽ കൂടുതൽ അവകാശങ്ങൾ വസ്തുവകകൾക്കുമേലും നിയമപരമായ സങ്കടപരിഹാരത്തിലും പത്രൊസ് എഴുതുന്ന മിക്ക സ്ത്രീകളെക്കാളും അധികമുണ്ടായിരുന്നു. എന്നാൽ ആദ്യനൂറ്റാണ്ടിലെ സമൂഹങ്ങളിൽ ചിലതിൽ മിക്ക മതങ്ങളിലും സ്ത്രീകളെ രാഷ്ട്രീയം, സർക്കാർ, നേതൃത്വം എന്നിവയിൽ ഉൾപ്പെടുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. അവർ ആയിരിക്കുന്ന പശ്ചാത്തലങ്ങളിൽ അനുകരണീയമായ ഒരു നിലവാരം പുലർത്തുവാൻ പത്രൊസ് ക്രിസ്തീയ സ്ത്രീകളെ ആഹ്വാനം ചെയ്യുന്നു. ഭക്തിയും പരിശുദ്ധിയും ഉള്ളവരായിരിക്കുവാൻ അവൻ അവരെ ആഹ്വാനം ചെയ്യുന്നു (1 പത്രൊസ് 3:2). വിലപിടി

പ്പുള്ള വസ്ത്രങ്ങൾ, സ്വർണാഭരണങ്ങൾ, ആധുനികമായ മുടികെട്ടു രീതികൾ എന്നിവ അലങ്കരിക്കുന്നതിനെക്കാൾ ആന്തരിക സൗന്ദര്യത്തിലായിരിക്കണം ക്രിസ്തീയ സ്ത്രീകൾക്കു കൂടുതൽ താത്പര്യം എന്ന് അവൻ നിർദേശിക്കുന്നു (1 പത്രൊസ് 3:3-5).

അവളുമായി ഉറ്റബന്ധത്തിൽ കഴിയുന്ന ആ വ്യക്തിക്ക് - അവളുടെ ഭർത്താവിന് ക്രിസ്ത്യാനിത്വം സ്വീകാര്യമാകുന്ന വിധത്തിൽ വേണം ഒരു ക്രിസ്തീയ സ്ത്രീ പെരുമാറുവാൻ. അവരുടെ ഭാര്യമാരോട് ഏതെങ്കിലും വിധത്തിൽ മോശമായി പെരുമാറുവാനുള്ള ഒരു അനുപാതമായി പത്രൊസിന്റെ വാക്കുകളെ ഭർത്താക്കന്മാർ എടുക്കരുത്. അവൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, ഭർത്താക്കന്മാർ അവരുടെ ഭാര്യമാരോട് പരിഗണന കാണിക്കണം (1 പത്രൊസ് 3:7).

പത്രൊസ് ഒരു പ്രത്യേകമായ വിഷയത്തെ അഭിസംബോധന ചെയ്യുമ്പോൾ - അവിശ്വാസികളോടു വിവാഹിതരായ ക്രിസ്തീയ ഭാര്യമാർ - ക്രിസ്തീയ വിവാഹത്തിന്റെ ഒരല്പം ആദർശം നമുക്ക് കാണാൻ കഴിയും: ക്രിസ്തീയ പങ്കാളികൾ പരസ്പര സഹായത്തിൽ ജീവിക്കണം, അവരുടെ ദൈനംദിന പ്രവർത്തികളിലൂടെ അവർ ദൈവത്തെ ആരാധിക്കുമ്പോഴും സുതാര്യമായ സത്യസന്ധതയിൽ ജീവിക്കുമ്പോഴും.

**ബുധൻ** **ഏപ്രിൽ 19**

## സാമൂഹ്യബന്ധങ്ങൾ

**റോമർ 13:1-7; എഫെസ്യർ 5:22-33; 1 കൊരിന്ത്യർ 7:12-16; ഗലാത്യർ 3:27,28 എന്നിവ വായിക്കുക. 1 പത്രൊസ് 2:11; 3:7 എന്നിവയിൽ പത്രൊസ് പറയുന്നത് എങ്ങനെയാണ് പൗലൊസ് പറയുന്നതുമായി താരതമ്യപ്പെടുത്തിയത്?**

1 പത്രൊസ് 2:11; 3:7 ൽ പ്രതിപാദിച്ചിരിക്കുന്ന ചില വിഷയങ്ങൾ പൗലൊസ് വിവിധ ഇടങ്ങളിലായി ഉയർത്തുന്നു. അവൻ പറയുന്നതിന് 1 പത്രൊസിൽ കാണുന്നതുമായി ശ്രദ്ധേയമായ സ്ഥിരതയുണ്ട്. ഉദാഹരണത്തിന്, പത്രൊസിനെപ്പോലെ, പൗലൊസും തന്റെ വായനക്കാരോട് ഭരണകർത്താക്കൾക്ക് വിധേയരായിരിക്കുവാൻ ആഹ്വാനം ചെയ്യുന്നു (റോമർ 13:1). ഭരണാധികാരികൾ ദൈവത്താൽ നിയോഗിക്കപ്പെടുന്നവരും, വാഴുന്നവർ സൽപ്രവൃത്തിക്കല്ല ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരം (റോമർ 13:3). അങ്ങനെയാകുമ്പോൾ ഒരു ക്രിസ്ത്യാനി "എല്ലാവർക്കും കടമായുള്ളതു കൊടുക്കുവിൻ; നികുതി കൊടുക്കേണ്ടവനു നികുതി; ചുങ്കം കൊടുക്കേണ്ടവനു ചുങ്കം; ഭയം കാണിക്കേണ്ടവനു ഭയം; മാനം കാണിക്കേണ്ടവനു മാനം" (റോമർ 13:7).

അവിശ്വാസികളായ ഭർത്താക്കന്മാരുമായി വിവാഹിതരായിരിക്കുന്ന സ്ത്രീകൾ മാതൃകാപരമായ ജീവിതം നയിക്കണമെന്നും, തത്ഫലമായി അവർ സഭയിൽ ചേരുമെന്നും പൗലൊസ് ഊന്നിപ്പറയുന്നു (1 കൊരിന്ത്യർ 7:12-16). ക്രിസ്തീയ വിവാഹത്തിൽ പൗലൊസിന്റെ മാതൃകയും പരസ്പരധാരണയിൽ ഊന്നിയതുമാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താക്കന്മാർ അവരുടെ ഭാര്യമാരെ സ്നേഹിക്കണം (എഫെസ്യർ 2:25). ഇതിനുപുറമെ, അടിമകൾ ക്രിസ്തുവിനെ

അനുസരിക്കുന്നതുപോലെ തന്നെ അവരുടെ യജമാനന്മാരെയും അനുസരിക്കണമെന്നും അവൻ നിർദേശിക്കുന്നു (എഫെസ്യർ 6:5). അങ്ങനെയാകുമ്പോൾ നിയമപരമായി അധികാരമുള്ള സാമൂഹ്യ അതിർത്തികൾക്കുള്ളിൽനിന്ന് പ്രവർത്തിക്കുവാൻ പൗലൊസ് സന്നദ്ധനായിരുന്നു. അവന്റെ സംസ്കാരത്തെ സംബന്ധിച്ച് എന്തു മാറ്റാം എന്ത് മാറ്റാൻ കഴിയില്ല എന്ന് അവൻ മനസിലാക്കി. എന്നിട്ടുകൂടി സമൂഹം ചിന്തിക്കുന്ന വിധം മനുഷ്യരെ മാറ്റിയെടുക്കുന്ന എന്തോ ഒന്ന് ക്രിസ്ത്യാനിത്വത്തിനുള്ളിൽ ഉണ്ടെന്ന് അവൻ കണ്ടു. സാമൂഹ്യ വ്യവസ്ഥിതിക്ക് മാറ്റമുണ്ടാകുവാൻ യേശു യാതൊരുവിധ രാഷ്ട്രീയ വിപ്ലവങ്ങളും കൊണ്ടുവരു വാൻ ശ്രമിച്ചില്ല, അതുപോലെ തന്നെ പൗലൊസും പത്രൊസും. പകരം,മാറ്റം വരുന്നത്, അവരുടെ സമൂഹങ്ങളിലുള്ള ദൈവജനത്തിന്റെ മാവ് പുളിപ്പിക്കുന്ന തരത്തിലുള്ള സ്വാധീനമാണ്.

ഗലാത്യർ 3:27-29 വായിക്കുക. ഇത് വ്യക്തമായും ദൈവശാസ്ത്രപ്രകാരമുള്ള ഒരു പ്രസ്താവനയാണെങ്കിലും, യേശു അവർക്കുവേണ്ടി ചെയ്തതിന്റെ വെളിച്ചത്തിൽ ക്രിസ്ത്യാനികൾ അന്യോന്യം എങ്ങനെ ബന്ധപ്പെട്ടിരിക്കണം എന്നതിനെക്കുറിച്ചുള്ള എന്ത് ശക്തമായ സാമൂഹ്യസൂചനയാണ് ഈ വാക്യത്തിലുള്ളത്?

**വ്യാഴം** **ഏപ്രിൽ 20**

## ക്രിസ്ത്യാനിത്വവും സാമൂഹ്യക്രമവും

**മാനുഷിക സംഘടനകളും കുറ്റമുള്ളതാണെന്നും ചിലപ്പോൾ പാപകരമാണെന്നും അറിഞ്ഞിട്ടുകൂടി, മത നേതാക്കളും സർക്കാരുമായി ചീത്ത അനുഭവങ്ങൾ ഉണ്ടായിട്ടുകൂടി, മാനുഷിക അധികാരങ്ങൾക്കു കീഴടങ്ങിയിരിപ്പാൻ ആദിമ ക്രിസ്ത്യാകളോട് പൗലൊസും പത്രൊസും ആഹ്വാനം ചെയ്യുന്നു (1 പത്രൊസ് 2:13-17, റോമർ 13:1-10). അവർ പറയുന്നു.**

ക്രിസ്ത്യാനികൾ ചുങ്കം കൊടുക്കുകയും നിർബന്ധിത വേല സംഘടനകൾക്ക് സംഭാവന ചെയ്യുകയും വേണം. കഴിയാവുന്നിടത്തോളം ക്രിസ്ത്യാനികൾ മാതൃകാപൗരന്മാരായിരിക്കണം.

**അ.പ്ര. 5:27-32 വായിക്കുക. അധികാരികൾക്ക് നൽകാൻ പത്രൊസ് പറയുന്ന അനുസരണവും (1 പത്രൊസ് 2:13-17) ഈ ഒരു സംഭവത്തിൽ പത്രൊസും മറ്റ് അപ്പൊസ്തലന്മാരും യഥാർത്ഥത്തിൽ ചെയ്തതും തമ്മിൽ എന്താണ് ബന്ധം?**

ആദിമ ക്രിസ്തീയ സഭയുടെ വിജയം പത്രൊസിന്റെയും യോഹന്നാന്റെയും അറസ്റ്റിലേക്ക് നയിച്ചു (അ.പ്ര 4:1-4). അവർ അധികാരികളാലും, മൂപ്പന്മാരാലും, ശാസ്ത്രിമാരാലും ചോദ്യം ചെയ്യപ്പെടുകയും, പ്രസംഗിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു നിൽക്കണമെന്ന കർശനമായ താക്കീതോടെ വിട്ടയയ്ക്കപ്പെടുകയും ചെയ്തു (അ.പ്ര. 4:5-23). അധികം താമസിയാതെ അവർ വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും അവർ അധികാരികൾ പറഞ്ഞത് എന്തുകൊണ്ട് പാലിച്ചില്ല എന്നു ചോദിക്കുകയും ചെയ്തു (അ.പ്ര. 5:28). പത്രൊസ് മറുപടി പറഞ്ഞു: "മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (അ.പ്ര. 5:29).

**ഈ വാക്കുകളിൽ നിന്ന് എന്തു സുപ്രധാന സത്യമാണ് നാം എടുക്കേണ്ടത്?**

ഒരു കാര്യം പറഞ്ഞ് മറ്റൊന്ന് പ്രവർത്തിക്കുന്ന, ഒരു കപടഭക്തനാകുകയല്ലായിരുന്നു പത്രൊസ്. മനുഷ്യരെ പിന്തുടരണോ ദൈവത്തെ പിന്തുടരണോ എന്ന പ്രശ്നം വന്നപ്പോൾ, തിരഞ്ഞെടുപ്പ് വ്യക്തമായിരുന്നു. അതുവരെ ക്രിസ്ത്യാനികൾ സർക്കാരിനോട് അനുസരണവും അവരെ പിന്താങ്ങുന്നവരുമായിരിക്കണം, അവർ സാമൂഹ്യമാറ്റങ്ങൾ കൊണ്ടുവരുവാൻ ശ്രമിക്കുകയാണെങ്കിൽ കൂടി. ധാർമിക വിഷയങ്ങൾ പ്രശ്നത്തിലാകുമ്പോൾ, ക്രിസ്ത്യാനികൾ യേശുവിന്റെ ഉപദേശങ്ങളും മൂല്യങ്ങളും പ്രതിഫലിപ്പിക്കുന്നവരും സാമൂഹ്യ മാറ്റങ്ങൾ നിയമപരമായി പ്രോത്സാഹിപ്പിക്കുന്നവരും ആയിരുന്നു, ഇനിയും ആയിരിക്കണം. ഇത് എങ്ങനെ ചെയ്യണമെന്നത് അനേകം ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഒരു വിശ്വസ്തനും കൂറുള്ളവനുമായ പൗരൻ ആയിരിക്കുക എന്നതിന്റെ സ്വാഭാവിക അർത്ഥം ഒരു ക്രിസ്ത്യാനിക്ക് സമൂഹത്തെ മെച്ചപ്പെടുത്തുവാൻ കഴിയില്ല എന്നോ പാടില്ല എന്നോ അല്ല.

**ലേവ്യ 19:18–20, മത്തായി 23:29 ഉം വായിക്കുക. എങ്ങനെയാകും നമ്മെപ്പോലെ നമ്മുടെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കല്പനയിൽ മാറ്റത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ആവശ്യം ഉൾപ്പെടുക, ആ മാറ്റത്തിനുവേണ്ടി നിശ്ചയമായും നിങ്ങളുടെ അയൽക്കാരന്റെ ജീവിതം ന്യായയുക്തവും മെച്ചമുള്ളതുമാക്കാം?**

**വെള്ളി** **ഏപ്രിൽ 21**

**കൂടുതൽ ചിന്ത**

**E.G.W വായിക്കുക "Impending comflect" pp. 582-592. "scripture a safe guard","pp.593-602. "Time of Trouble", pp. 613-634 വൻപോരാട്ടത്തിൽ.**

സെവന്ത്–ഡേ അഡ്വന്റിസ്റ്റുകാർ നല്ല പൗരന്മാരായിരിക്കണമെന്നും ദേശത്തിന്റെ നിയമം അനുസരിക്കണമെന്നും എലൻ ജി. വൈറ്റ് ശുപാർശ ചെയ്തു. പ്രാദേശിക ഞായറാഴ്ച നിയമങ്ങൾ പരസ്യമായും സ്പഷ്ടമായും അനുസരിക്കാതിരിക്കരുതെന്ന് കൂടി അവർ പറഞ്ഞു: അതായത് ദൈവം കല്പിച്ചതുപോലെ അവർ ഏഴാം ദിന ശബ്ബത്ത് വിശുദ്ധമായി ആചരിക്കണമെങ്കിലും, ഞായറാഴ്ച വേല നിരോധിക്കുന്ന നിയമങ്ങൾ മനഃപൂർവമായി അവർ ലംഘിക്കേണ്ടതില്ല. പ്രത്യേകമായ ഒരു സന്ദർഭത്തിൽ എന്തായാലും, അഡ്വന്റിസ്റ്റുകാർ ആ നിയമം അനുസരിക്കരുതെന്ന് അവർ വ്യക്തമായി പറഞ്ഞു. അവന്റെയോ അവളുടെയോ യജമാനന്റെ പക്കൽ നിന്നും ഒരു അടിമ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ, ആ അടിമയെ യജമാനന് തിരിച്ചേൽപ്പിക്കണമെന്ന് നിയമം അനുശാസിക്കുന്നു. അവൾ ആ നിയമത്തിനെതിരെ ശകാരിക്കുകയും അഡ്വന്റിസ്റ്റുകാരോട് അത് അനുസരിക്കേണ്ട എന്ന് പറയുകയും ചെയ്തു. പരിണതഫലങ്ങൾ എന്തായിരുന്നാലും: "മനുഷ്യന്റെ നിയമങ്ങൾ വചനത്തിനും ദൈവത്തിന്റെ ന്യായപ്രമാണത്തിനും വിരുദ്ധമാകുമ്പോൾ, നാം ദൈവത്തെ അനുസരിക്കണം, പരിണിതഫലം എന്തായാലും. ഒരു അടിമയെ അവന്റെ യജമാനനു തിരികെ കൊടുക്കണം എന്ന നമ്മുടെ നാടിന്റെ നിയമം, നാം അനുസരിക്കരുത്, ഈ നിയമം ലംഘിക്കുന്നതിന്റെ അനന്തരഫലങ്ങൾ നാം സഹിക്കണം. അടിമ ഒരു മനുഷ്യ

ന്റെയും വസ്തുവകയല്ല. ദൈവമാണ് അവന്റെ യഥാർത്ഥ യജമാനൻ, മനുഷ്യന് ദൈവത്തിന്റെ കൈവേലയെ അവന്റെ കാര്യങ്ങളിൽ എടുക്കാൻ യാതൊരവകാശവുമില്ല, അവന്റെ സ്വന്തമെന്ന് അവകാശപ്പെടാനുമാകില്ല" Testimonies for the church, Val. 1, pp.201,202

**ചർച്ചാ ചോദ്യങ്ങൾ**

1. ക്രിസ്ത്യാനികൾ ഒരിക്കലും അവരുടെ അവകാശങ്ങൾക്കുവേണ്ടി എഴുന്നേൽക്കരുതോ? എന്ന തിങ്കളാഴ്ചയിലെ പാഠത്തിന്റെ ചോദ്യത്തിന് ഉത്തരം നിങ്ങളുടെ ക്ലാസിൽ ചർച്ച ചെയ്യുക. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, ഈ ഒരു ചോദ്യം കൂടി കണക്കിലെടുക്കുക; ശരിക്കും നമ്മുടെ അവകാശങ്ങൾ എന്താണ്?
2. ആ സമൂഹത്തെ നന്മയ്ക്കായി മാറ്റുവാൻ ക്രിസ്ത്യാനികളുടെ സ്വാധീനം ഒരു ശക്തമായ ശക്തിയായതിന് ഉദാഹരണങ്ങൾ എന്തൊക്കെയാണ്? ഈ വിവരണങ്ങളിൽ നിന്നു നമുക്ക് എന്തു പാഠങ്ങൾ എടുക്കുവാൻ കഴിയും?
3. സമൂഹത്തിലെ തിന്മകൾ മാറ്റുന്നതിൽ സഹായിക്കുന്നതിന് പകരം അതുമായി ഒത്തുചേരുകയും അതിനെ നീതീകരിക്കാൻ പോലും സഹായിക്കുകയും ചെയ്ത ഉദാഹരണങ്ങൾ ഏതൊക്കെയാണ്?
4. 1 പത്രൊസ് 2:17 പറയുന്നത് "രാജാവിനെ ബഹുമാനിപ്പിൻ" എന്നാണ്. ആ സമയത്തെ ചക്രവർത്തി ഒരുപക്ഷെ നീറോ ആയിരുന്നിരിക്കാം. നീചനും, അഴിമതിക്കാരുമായ മനുഷ്യരുടെ നിരയിലെ കൂടുതൽ അധമനും, അഴിമതിക്കാരനുമായ ഒരുവൻ. ഇന്ന് നമുക്ക് ഇതിൽ എന്ത് ദൂതാണുള്ളത്? ആ വാക്യത്തിന്റെ തുടക്കത്തിൽ പത്രൊസ് എഴുതിയ "സകലരെയും ബഹുമാനിക്ക" എന്നത് അവൻ എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് കൂടുതൽ നന്നായി മനസിലാക്കുവാൻ നമ്മെ എങ്ങനെ സഹായിക്കും?
5. 1 പത്രൊസ് 2:21-25 ക്ലാസിൽ വായിക്കുക. എങ്ങനെയാണ് സുവിശേഷസന്ദേശം ഈ വാക്യങ്ങളിൽ സംക്ഷേപിച്ചിരിക്കുന്നത്. എന്ത് പ്രത്യാശയാണ് അവ നമുക്ക് നൽകുന്നത്? നാം എന്തുചെയ്യാനാണ് അതു നമ്മെ ആഹ്വാനം ചെയ്യുന്നത്? ഇവിടെ നാം ചെയ്യണം എന്ന് ആവശ്യപ്പെടുന്നത് നാം എത്ര നന്നായാണ് പിന്തുടരുന്നത്?

✪ ✪ ✪ ✪